## പതിമൂന്നാം കേരള നിയമസഭ
### പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**

**നിയമസഭാ ചോദ്യം നമ്പർ : 221** **09.06.2014-ൽ മറുപടിക്ക്.**

### പോലീസ് ആസ്ഥാനത്തെ കമ്പ്യൂട്ടർ വാങ്ങലിലെ അഴിമതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. രാജു എബ്രഹാം | ശ്രീ. രമേശ് ചെന്നിത്തല<br>**(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി)** |
| (എ) സംസ്ഥാന പോലീസ് ആസ്ഥാനത്ത് വാങ്ങിയ കമ്പ്യൂട്ടർ ഇടപാടുമായി ബന്ധപ്പെട്ട് കോടികളുടെ അഴിമതി നടന്നതായുള്ള പത്ര റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ആഭ്യന്തര അഡീഷണൽ ചീഫ് സെക്രട്ടറി ഇതു സംബന്ധിച്ച് നടപടി സ്വീകരിക്കുന്നതിന് സംസ്ഥാന പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; ഇതു സംബന്ധിച്ച് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ കത്തിലെ വിവരങ്ങൾ വെളിപ്പെടുത്താമോ; | (ബി) ഉണ്ട്. M/s. CUBE IT Solutions' എന്ന കമ്പനി സർക്കാരിന് നൽകിയ പരാതി പരിശോധിച്ചതിൽ പോലീസ് വകുപ്പിനായി 100 Lenova Computer വാങ്ങിയതുമായി ബന്ധപ്പെട്ട ചില ക്രമക്കേടുകൾ നടന്നതായി മനസ്സിലാക്കാൻ കഴിഞ്ഞതിനാൽ സ്റ്റേറ്റ് പോലീസ് ചീഫിന് ചില നിർദ്ദേശങ്ങൾ നൽകിയിരുന്നു.<br>1) എല്ലാ വാങ്ങലുകൾക്കും കേരള സർക്കാരിന്റെ e-procurement portal വഴി സുതാര്യമായി ടെണ്ടർ നടപടികൾ പാലിച്ച് നടത്തണം. ഇതിനായി National Informatic Centre-ന്റെയും Kerala State IT Mission ന്റെയും സഹായം ലഭ്യമാകുന്നതാണ്.<br>2) സാധനങ്ങൾ വാങ്ങി ശേഖരിക്കേണ്ട/വിതരണം ചെയ്യേണ്ട സാഹചര്യങ്ങളിൽ ധനകാര്യവകുപ്പിന്റെയും സ്റ്റോർ പർച്ചേസ് വകുപ്പിന്റെയും ഓരോ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു വകുപ്പുതല പർച്ചേസ് കമ്മിറ്റി രൂപീകരിക്കണം.<br>3) എല്ലാ വാങ്ങലുകൾക്കും സ്റ്റോർ പർച്ചേസ് മാന്വൽ നിഷ്കർഷകളും മറ്റ് ബന്ധപ്പെട്ട ഉത്തരവുകളും പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനായി പോലീസ് ആസ്ഥാന ആഫീസിലുള്ള ഫിനാൻസ് ആഫീസറുടെ അഭിപ്രായം തേടേണ്ടതാണ്. |

4) മൂന്ന് വർഷത്തിൽ കൂടുതൽ ഒരേ സീറ്റിൽ ജോലി ചെയ്യുന്നവർക്ക് സ്ഥലംമാറ്റം അനുവദിക്കണം

(സി) കമ്പ്യൂട്ടർ ഇടപാടിലെ ക്രമക്കേടുകൾ സംബന്ധിച്ച് ഏതെങ്കിലും വ്യക്തികളോ കമ്പനികളോ പരാതി നൽകിയിട്ടുണ്ടോ; പ്രസ്തുത പരാതിയുടെ അടിസ്ഥാനത്തിൽ ധനകാര്യ ഇൻസ്പെക്ഷൻ വിംഗ് ഇക്കാര്യത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; അന്വേഷണം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഉണ്ട്. ധനകാര്യ ഇൻസ്പെക്ഷൻ വിംഗിനോട് അന്വേഷണം നടത്തി റിപ്പോർട്ട് നൽകാൻ ആവശ്യപ്പെട്ടിരുന്നു. വിശദാംശം ലഭ്യമായിട്ടില്ല.

ഡി) സ്റ്റോർ പർച്ചേസ് മാനുവൽ ചട്ടങ്ങളുടെ ലംഘനം ഇക്കാര്യത്തിൽ നടത്തിയിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

ഡി) ഇക്കാര്യം അന്വേഷണം മുഴുവൻ പൂർത്തിയായ ശേഷമേ അറിയാൻ കഴിയുകയുള്ളു.

ഇ) കമ്പ്യൂട്ടർ ഇടപാട് സംബന്ധിച്ച് ഇ- ടെൻഡർ നടത്തിയിരുന്നോ; ഇല്ലെങ്കിൽ കമ്പ്യൂട്ടർ വാങ്ങുന്നതിന് കമ്പനിയെ തിരഞ്ഞെടുത്തത് ഏതു നടപടി ക്രമങ്ങൾ അനുസരിച്ചാണ് എന്ന് വിശദമാക്കാമോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

ഇ) ഇ-ടെൻഡറിലൂടെയല്ല കമ്പ്യൂട്ടർ വാങ്ങിയത്. DGS & D rate Contract പ്രകാരം 38,32,500/- രൂപയ്ക്ക് 100 കമ്പ്യൂട്ടറുകളാണ് വാങ്ങിയിട്ടുള്ളത്.

എഫ്) ഭാവിയിൽ ക്രമക്കേടുകൾ തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്നു വ്യക്തമാക്കാമോ?

എഫ്) Store Purchase Manual നിഷ്കർഷകൾ, അതാതു കാലങ്ങളിൽ പുറപ്പെടുവിക്കുന്ന ബന്ധപ്പെട്ട ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ ഇ-പ്രൊക്യൂർമെന്റിലൂടെയും ഡിപ്പാർട്ട്മെന്റ് പർച്ചേസ് കമ്മിറ്റി മുഖേനയും ഇടപാടുകൾ നടത്തുന്നതിന് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ